**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 635** **17-09-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി നാളികേര പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന്റെ ഭാഗമായി കുറ്റ്യാടി - മണിമലയിലെ നാളികേര പാർക്കിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | * പാർക്ക് വികസനത്തിന്റ ആദ്യഘട്ടമായി 5 ഏക്കറിൽ നിന്നിരുന്ന മരങ്ങളുടെ വാല്യുവേഷൻ പൂർത്തിയാക്കുകയും, മരം വിൽക്കുന്നതിനുള്ള ടെൻഡർ നടപടി പൂർത്തീകരിക്കുകയും, റോയൽ വുഡ്സുമായി 08.08.2025 ന കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രസ്തുത പ്രവർത്തി അവസാനഘട്ടത്തിലാണ്.<br><br>* പാർക്കിനുള്ളിലെ ആദ്യഘട്ട റോഡ് നിർമ്മാണത്തിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി 10.02.2025 ന് കരാറിലേർപ്പെടുകയും, പ്രസ്തുത നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.<br><br>* പാർക്കിലെ വൈദ്യുതി ആവശ്യങ്ങൾക്ക് 160 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ പൂർത്തിയായി, കമ്മീഷനിംഗ് ശേഷിക്കുന്നു.<br><br>* പാർക്ക് വികസനത്തിന്റെ അടുത്ത ഘട്ടമായി തുടർന്നുള്ള 10 ഏക്കറിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന്, മരങ്ങളുടെ വാല്യുവേഷൻ നടപടികൾ ആരംഭിച്ചു.<br><br>2025 ഡിസംബർ മാസം അവസാന വാരത്തോടെ നാളികേര പാർക്ക് വ്യവസായങ്ങൾക്ക് തുറന്നു കൊടുക്കണമെന്ന ഉദ്ദേശത്തോടെ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു. |
| (ബി) | 2025 വർഷത്തിൽ മണിമല നാളികേര പാർക്ക് വ്യവസായങ്ങൾക്ക് തുറന്ന് കൊടുക്കാൻ സാധിക്കുമോ; ഇതിനായി എന്തു നടപടി സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ; | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | പ്രസ്തുത പാർക്കിൽ വ്യവസായങ്ങൾക്ക് ആവശ്യമായ വൈദ്യുതി, വെള്ളം എന്നിവ എത്തിക്കുന്നതിനുള്ള | (സി) | * പാർക്കിലെ വൈദ്യുതി ആവശ്യങ്ങൾക്ക് 160 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവർത്തി അവസാന ഘട്ടത്തിലാണ്. സംരംഭകരുടെ ആവശ്യത്തിന് |

| | | | |
|---|---|---|---|
| | നടപടി ഏതു ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ; | | അനുസരിച്ച് തുടർന്നുള്ള കെഎസ്ഇബി ലൈൻ ദീർഘിപ്പിച്ച് വൈദ്യുതി സൗകര്യം നൽകുന്നതാണ്.<br><br>* സംരംഭകർക്ക് വെള്ളത്തിനായി സൈറ്റിൽ കിണർ ലഭ്യമാണ്. ആവശ്യം കൂടുതലാകുന്ന പക്ഷം സൈറ്റിൽ കുഴൽക്കിണർ നിർമ്മിക്കുന്നതാണ് . |
| (ഡി) | പ്രസ്തുത പാർക്കിൽ വ്യവസായങ്ങൾ തുടങ്ങാനായി സംരംഭകർ എങ്ങനെയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടതെന്ന് വിശദമാക്കാമോ; | (ഡി) | ആദ്യമായി സംരംഭകർ പാർക്ക് സന്ദർശിക്കുകയും ഭൂമി കണ്ട് ബോധ്യപ്പെടുകയും വേണം. തുടർന്ന് 'ഫോറം എ' പൂരിപ്പിച്ച് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്, അപേക്ഷ ഫീ 11,800 രൂപ, മറ്റ് അനുബന്ധ രേഖകളും സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം കെഎസ്ഐഡിസി ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റിയിലും ഡിസ്ട്രിക്റ്റ് ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റിയിലും പാസായി വരുന്ന പക്ഷം ഭൂമിയുടെ തുക അടച്ച് സംരംഭകന് ഭൂമി പാട്ടത്തിന് എടുക്കാവുന്നതാണ്. |
| (ഇ) | 2021 വർഷം മുതൽ ഇതുവരെ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അടങ്കൽ തുക എത്രയാണെന്നും വിശദമാക്കാമോ? | (ഇ) | a. ചുറ്റുമതിൽ, എൻട്രൻസ് ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ, മറ്റ് നിർമ്മാണങ്ങൾ – 6,36,84,201 രൂപ. ഇതിൽ 73.61 ലക്ഷം രൂപയുടെ പ്രവർത്തികൾ മാത്രം പൂർത്തിയായിട്ടുണ്ട്. മരങ്ങളും ഉയർന്ന ഭൂപ്രകൃതിയും കാരണം കോൺട്രാക്ടർ ശേഷിച്ച പ്രവൃത്തികൾ അവസാനിപ്പിച്ചു. കരാർ അവസാനിപ്പിക്കാനുള്ള കോൺട്രാക്ടറുടെ അപേക്ഷ ഇപ്പോൾ പരിഗണനയിലാണ്.<br><br>b. സൈറ്റിലെ മരങ്ങൾ മുറിക്കുന്നതിനുള്ള പ്രവൃത്തി – "മരങ്ങളുടെ നമ്പറിംഗ്, മാർക്കിംഗ്, ലിസ്റ്റ് തയ്യാറാക്കൽ – 18,690 മരങ്ങൾ, Rs.4,15,852.50 റബ്ബർ ബോർഡിന്റെയും സോഷ്യൽ ഫോറസ്ട്രിയുടെയും മൂല്യനിർണ്ണയവും അനുമതിയും അടിസ്ഥാനമാക്കി ആദ്യ 5 ഏക്കറിൽ മരവെട്ട് പ്രവൃത്തി 60% പൂർത്തിയായി.<br><br>c. പാർക്കിലെ വൈദ്യുതി സൗകര്യം – 160 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ – 16,08,188 രൂപ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ പൂർത്തിയായി, കമ്മീഷനിംഗ് ശേഷിക്കുന്നു.<br><br>d. ഫസ്റ്റ് ഫേസ് ഡവലപ്മെന്റ് (ആദ്യഘട്ട വികസനം – കരാർ തുക 95,48,000 രൂപ. പരിസര സൗകര്യങ്ങൾ, റോഡ്, ലാൻഡ് ഡവലപ്മെന്റ് എന്നിവ ഉൾപ്പെടുന്നു. ശ്രീ. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുമായി 10.02.2025 ന് കരാർ ചെയ്തു നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ